ഉത്തരം

(എ) ഈ സാമ്പത്തിക വർഷം താഴെപ്പറയുന്ന നഗരങ്ങളിൽ ടൂറിസം പ്രചാരണത്തിനായി റോഡ്ഷോകൾ സംഘടിപ്പിച്ചിട്ടുണ്ട് :

1.	ജനീവ	സ്വിറ്റ്സർലണ്ട്
2.	വിയന്ന	ആസ്ട്രിയ
3.	ഹംബർഗ്	ജർമ്മനി
4.	ഡസൽഡോർഫ്	"

കൂടാതെ മാർച്ച് മാസത്തിൽ ഫ്രാൻസിലും സ്പെയിനിലും റോഡുഷോകൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷം ഇതുവരെയായി റോഡ് ഷോകൾ സംഘടിപ്പിച്ചതിൽ ചെലവായ തുക താഴെ ചേർക്കുന്നു :

1.	ജനീവ	-	26,75,996
2.	ഹാംബർഗ്	-	27,66,567
3.	ഡസൽഡോർഫ്	-	27,87,297
4.	വിയന്ന	-	27,63,074

(സി) ഇത്തരം റോഡ്ഷോകൾ സംഘടിപ്പിച്ചതുവഴി കേരളത്തെക്കുറിച്ച് വിദേശ രാജ്യങ്ങളിൽ അവബോധം ഉണ്ടാക്കുവാനും തത്ഫലമായി കേരളത്തിലേക്ക് വിദേശ ടൂറിസ്റ്റുകളുടെ ഒഴുക്ക് വർദ്ധിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും സാധിച്ചിട്ടുണ്ട്.

മെഡിക്കൽ ടൂറിസം പദ്ധതി

85 (1555) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മെഡിക്കൽ ടൂറിസം പദ്ധതിയുടെ സാദ്ധ്യത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ പ്രോത്സാഹനത്തിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) മെഡിക്കൽ ടൂറിസത്തിന്റെ ഭാഗമായി, കളരി അടിസ്ഥാനമായുള്ള ചികിത്സാ രീതി പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) മെഡിക്കൽ ടൂറിസത്തിന്റെ ഭാഗമായി വടക്കെ മലബാറിൽ കളരി അടിസ്ഥാനമായുള്ള ചികിത്സാ കേന്ദ്രം സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് മെഡിക്കൽ ടൂറിസത്തിന്റെ ഭാഗമായി കേരളത്തിന്റെ പാരമ്പര്യ ആയുർവേദ ചികിത്സാരീതി പ്രോത്സാഹിപ്പിക്കുന്നതിനായി ആയുർവേദ സെന്ററുകൾ ടൂറിസം വകുപ്പിന്റെ ക്ലാസിഫിക്കേഷനോടെ ടൂറിസം കേന്ദ്രങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

(ബി & സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

ഇക്കോ ടൂറിസം വികസനത്തിന്റെ ഭാഗമായുള്ള പുതിയ പദ്ധതികൾ

86 (1556) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഇക്കോ ടൂറിസം വികസനത്തിന്റെ ഭാഗമായി പുതുതായി എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ;

(ബി) ആദ്യ ഇക്കോ ടൂറിസം കേന്ദ്രമായ തെന്മലയിൽ എന്തൊക്കെ വികസന പദ്ധതികളാണ് നടപ്പിലാക്കിയത് എന്ന് വിശദമാക്കുമോ ;

(സി) ടൂറിസം വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കുന്ന മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിയിൻകീഴിൽ എന്തൊക്കെ പ്രവൃത്തികളാണ് ഇതുവരെ നടപ്പിലാക്കിയത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ടൂറിസം മേഖലയിൽ ഇതുവരെ ഈ പദ്ധതിയിലൂടെ എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചു എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ഇക്കോ ടൂറിസം വികസനത്തിന്റെ ഭാഗമായി പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. കോട്ടൻചേരിമല ഇക്കോ ടൂറിസം (കാസർഗോഡ്)
2. തൈക്കടപ്പുറം ഇക്കോ ടൂറിസം (കാസർഗോഡ്)
3. ശശിപ്പാറ ഇക്കോ ടൂറിസം, കന്മദം പാറ ഇക്കോ ടൂറിസം (കണ്ണൂർ)
4. നരിക്കോട് മല ഇക്കോ ടൂറിസം (കണ്ണൂർ)
5. കൊളാവിപാലം ഇക്കോ ടൂറിസം (കോഴിക്കോട്)
6. പാക്കം ഇക്കോ ടൂറിസം (വയനാട്)
7. ചുള്ളിയാർ ഡാം, പോത്തുണ്ടി ഡാം, മീൻകര ഡാം (പാലക്കാട്)
8. തേക്കടി (ഇടുക്കി)

LIBRARY ARCHIVES Kerala Legislative Assembly